**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 593** **05-10-2021 - ൽ മറുപടിയ്ക്ക്**

**പരാതി പരിഹാര സംവിധാനം മെച്ചപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എ. രാജ,<br>ശ്രീ. ലിന്റോ ജോസഫ്** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ പ്രോത്സാഹന നയത്തിന്റെ ഭാഗമായി വിവിധ ക്ലിയറൻസ് സർട്ടിഫിക്കറ്റുകളും അനുമതികളും നൽകുന്നതും അവ പുതുക്കുന്നതും സുഗമമാക്കുന്നതിനും കാലവിളംബം ഒഴിവാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ; | (എ) | ക്ലിയറൻസ് സർട്ടിഫിക്കറ്റുകളും അനുമതികളും നല്കുന്നതും അവ പുതുക്കുന്നതും സുഗമമാക്കുന്നതിനും കാലവിളംബം ഒഴിവാക്കുന്നതിനും 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി 2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി വ്യവസായം ആരംഭിക്കുന്നതിന് സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ഇതിലൂടെ വിവിധ വകുപ്പുകൾ / ഏജൻസികൾ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കൂടാതെ 29.09.2020യിൽ ആരംഭിച്ച KSWIFT-Phase II ലൂടെ കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് വ്യവസായ സംരംഭകർക്ക് ലൈസൻസുകൾ ലഭിക്കുവാനും നിലവിലുള്ള സംരംഭകർക്ക് ലൈസൻസ് പുതുക്കുവാനും സാധിക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-CentraIised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഉദ്യോഗസ്ഥരുടെ അലംഭാവമോ വീഴ്ചയോ കൊണ്ട് സംരംഭകർ ബുദ്ധിമുട്ട് നേരിടുകയാണെങ്കിൽ അത് | (ബി) | സംരംഭകർക്ക് ബുദ്ധിമുട്ട് നേരിടുകയാണെങ്കിൽ അത് പരിഹരിക്കുക എന്ന ലക്ഷ്യത്തോടു കൂടി സിവിൽ |

| | | | |
|---|---|---|---|
| | പരിഹരിക്കാനായി സംസ്ഥാന, ജില്ലാ തലങ്ങളിൽ പരാതി പരിഹാര സമിതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | | കോടതിയുടെ അധികാരമുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നതിലേക്കായി സർക്കാർ 2021 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഭേദഗതി ഓർഡിനൻസ് പ്രകാരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവൽക്കരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ വിവിധ സംസ്ഥാനനിയമങ്ങൾക്കു കീഴിൽ ആവശ്യമായ ക്ലിയറൻസുകളോ സർട്ടിഫിക്കറ്റുകളോ ലൈസൻസുകളോ പെർമിറ്റുകളോ അനുമതിയോ അതിന്റെ പുതുക്കൽ ലഭിക്കുന്നതിനോ അതിന് ആനുഷംഗികമായ ഏതെങ്കിലും കാര്യത്തിനോ വേണ്ടി അപേക്ഷ സമർപ്പിച്ച ഒരാൾക്ക് പ്രസ്തുത നിയമപ്രകാരം ടി കമ്മിറ്റി വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ സേവനങ്ങൾ നല്കുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനും അപ്രകാരമുള്ള ആളുകളുടെ പരാതി കാര്യക്ഷമമായ രീതിയിൽ പരിഹരിക്കുന്നതിനും മതിയായതും ന്യായമായതുമായ കാരണങ്ങൾ കൂടാതെ സമയപരിധിക്കുള്ളിൽ സേവനം നല്കുന്നതിൽ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന ഒരു നിയുക്ത ഉദ്യോഗസ്ഥനെതിരേ നടപടി സ്വീകരിക്കുവാനും ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾക്ക് അധികാരം നൽകുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | കാര്യക്ഷമമായ പരാതി പരിഹാര സംവിധാനം നിലവിൽ വരുന്നതുവരെ മീറ്റ് ദ മിനിസ്റ്റർ പരിപാടിയും വ്യവസായ പരാതി പരിഹാര അദാലത്തും തുടരുമോ; | (സി) | സംസ്ഥാനത്ത് വ്യവസായിക നിക്ഷേപം വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസം ഉണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ മീറ്റ് ദി മിനിസ്റ്റർ" പരിപാടി നടത്തിവരികയാണ്. വ്യവസായ വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ മുതലായവർ പങ്കെടുക്കുന്ന ഈ പരിപാടിയിൽ പല പ്രശ്നങ്ങൾക്കും വേഗത്തിൽ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനോടകം തന്നെ 10 ജില്ലകളിൽ 'മീറ്റ് ദി മിനിസ്റ്റർ" പരിപാടി നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ സർക്കാർ ഏജൻസികളുമായി ഏകോപിപ്പിച്ചു നടത്തിവരുന്നു. ശാശ്വതവും സുസ്ഥിരവുമായ പാരാതി പരിഹാര സംവിധാനം നിലവിൽ വരുന്നതു വരെ പരാതി പരിഹാര അദാലത്ത് തുടരുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | വ്യവസായ രംഗത്തെ സർക്കാരിന്റെ ലക്ഷ്യങ്ങൾ സംബന്ധിച്ച് വ്യവസായികളുടെ വിവിധ സംഘടനകളുമായി ഉന്നതതലത്തിൽ ആശയവിനിമയം നടത്താറുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഉണ്ട്. സംസ്ഥാനത്തെ വ്യവസായ മേഖലയെ പ്രതിനിധാനം ചെയ്യുന്ന വിവിധ സംഘടനകളായ KSSIA , FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി വ്യവസായ വകുപ്പ് മന്ത്രി നേരിട്ട് ഇതിനകം 7 തവണ കൂടിക്കാഴ്ച നടത്തിയിരുന്നു. വ്യവസായ സംഘടനകൾ എല്ലാം തന്നെ സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷത്തെ പിന്തുണച്ചിട്ടുണ്ട്. സംസ്ഥാനത്തു സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും, നിക്ഷേപകരുമായി സജീവ ബന്ധം സ്ഥാപിക്കുന്നതിനും, സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാധ്യതകളുള്ള മേഖലകളിലേക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 'കേരളാ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ സെൽ' (KIPF) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ സെല്ലുകളിൽ അംഗങ്ങളാണ്. |

സെക്ഷൻ ഓഫീസർ